**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ഹരിത കേരള മിഷന്റെ കീഴിലുള്ള പ്രത്യേക പദ്ധതിക്കായി MOEF & CC – ൽ നിന്നും പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം മുഖേന ഫണ്ട് അനുവദിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.6072/2018/ധന.** തിരുവനന്തപുരം, തീയതി **17/07/2018**

പരാമർശം:- 1. 26.04.2018-ൽ നടന്ന State Project Steering Committee യുടെ തീരുമാനങ്ങൾ.
2. ഭരണ വകുപ്പ് ഫയൽ നം.FWLD-D2/198/2018-FWLD Computer no. 803305

**<u>ഉത്തരവ്</u>**

പെരിയാർ , ചാലക്കുടി , കാവേരി എന്നീ നദികളുടെ വൃഷ്ടിപ്രദേശമായ മൂന്നാർ ഹൈറേഞ്ച് ലാൻഡ് സ്കേപ്പിൽ ഉദ്ദേശം 40 കോടിയോളം രൂപ ചെലവഴിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ഒരു സുസ്ഥിര പരിസ്ഥിതി പരിപാലന പദ്ധതിയാണ് ഇൻഡ്യ ഹൈറേഞ്ച് ലാൻഡ് സ്കേപ്പ് പ്രോജക്ട്. 2013-2014 കാലയളവിൽ യു. എൻ. ഡി. പി. തയ്യാറാക്കിയ ഈ പദ്ധതി 2014 -ൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുണ്ട്. ഗ്ലോബൽ എൻവയോൺമെന്റ് ഫണ്ടിൽ നിന്നും ലഭിക്കുന്ന ഗ്രാന്റാണ് പദ്ധതി നടത്തിപ്പിനാവശ്യമായ ചെലവ് നിർവ്വഹിക്കുന്നത്. ടി പദ്ധതി പുനർനാമകരണം ചെയ്തിരിക്കുന്നത് " അഞ്ചുനാടിനും സമീപ ഭൂവ്യവസ്ഥയ്ക്കും വേണ്ടിയുള്ള സുസ്ഥിര ഉപജീവന ജൈവവൈവിദ്ധ്യ സംരക്ഷണ പദ്ധതി" എന്നാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ഹരിത കേരള മിഷനായിരിക്കുമെന്നും വനമേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ചുമതല വനം വകുപ്പിനായിരിക്കുമെന്നും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, **MOEF & CC** – ൽ നിന്നും പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം മുഖേന ഫണ്ട് അനുവദിക്കുന്നതിനായി ഹരിത കേരള മിഷനിൽ പ്രത്യേകമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹരിതകേരള മിഷന്റെ കീഴിലുള്ള മേൽ സൂചിപ്പിച്ച പ്രത്യേക പദ്ധതിക്കായി **MOEF & CC** – ൽ നിന്നും പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം മുഖേന ഫണ്ട് അനുവദിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ (ഹരിതകേരള മിഷൻ)പേരിൽ ദേശസാൽകൃത ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹരിത കേരള മിഷൻ, തിരുവനന്തപുരം
വനം വന്യ ജീവി (ഡി) വകുപ്പ് (ഇ-ഫയൽ FWLD-D2/198/2018-FWLD Computer no. 803305)
ധന(അഗ്രി-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ